# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>മുനിസിപ്പാലിറ്റി രൂപീകരണത്തിനുള്ള മാനദണ്ഡങ്ങൾ</u>

1419 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകൾ അപ്ഗ്രേഡ് ചെയ്ത് മുൻസിപ്പാലിറ്റിയാക്കുന്ന വിഷയം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ കാസർഗോഡ് ജില്ലയിൽ ഏതൊക്കെ പഞ്ചായത്തകളെയാണ് ഇത്തരത്തിൽ പരിഗണിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) മുനിസിപ്പാലിറ്റി രൂപീകരണത്തിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ?

# കേരള നിയമസഭ
# 13.06.2014-ലെ മറുപടിക്ക്

<u>പുതിയ നഗരസഭകൾ</u>

1420 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ നഗരസഭകൾ രൂപീകരിക്കുവാൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) അമ്പലപ്പുഴ മണ്ഡലത്തിൽ പുതിയതായി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്ന നഗരസഭ ഏതാണ്;

(സി) പഞ്ചായത്തുകളെ നഗരസഭകളായി ഉയർത്തുന്നതിന്റെ മാനദണ്ഡമെന്താണ്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>പുതിയ നഗരസഭകളുടെ രൂപീകരണം</u>

1421 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യത്തിന്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പുതുതായി നഗരസഭകൾ രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ജില്ലകളിൽ ഏതെല്ലാം നഗരസഭകളാണ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>തിരുവനന്തപുരം നഗരം നേരിടുന്ന വെള്ളപ്പൊക്ക ഭീഷണി</u>

1422 ശ്രീ. കെ.എം.ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനനഗരം നേരിടുന്ന വർഷകാല വെള്ളപ്പൊക്ക ഭീഷണി നിയന്ത്രിക്കാൻ എന്തൊക്കെ നടപടികൾ വിവിധ വകുപ്പുകൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ജലനിർഗ്ഗമനത്തിന് നിലവിലുള്ള ഓടകളും തോടുകളും വൃത്തിയാക്കി അവയുടെ സ്വാഭാവിക ആഴം നിലനിർത്തുന്നതിനും നീരൊഴുക്കിന് തടസ്സമാവുന്ന ചെടികളും പൈപ്പുകളും നീക്കം ചെയ്യുന്നതിനും ബന്ധപ്പെട്ട വകുപ്പുകൾ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) ഓരോ വകുപ്പും ഇതിനായി 2013-14 വർഷത്തിൽ എന്തു തുക വീതം ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**13.06.2014-ലെ മറുപടിക്ക്**

<u>തലസ്ഥാന നഗരിയിലെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ</u>

1423 ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരിയിലെ പ്രധാന ഗതാഗത ടെർമിനലുകളും സാമൂഹ്യകേന്ദ്രങ്ങളും സ്ഥിതി ചെയ്യുന്ന തമ്പാനൂർ, കിഴക്കേകോട്ട എന്നിവിടങ്ങൾ സഞ്ചാരയോഗ്യമല്ലാതായും സുരക്ഷിതമല്ലാതായും മാറിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കാൽനടയാത്രക്കാരുടെ സുരക്ഷയ്ക്ക് അവശ്യം വേണ്ട തമ്പാനൂരിലെ ബസ് സ്റ്റാന്റിൽ നിന്ന് റെയിൽവേസ്റ്റേഷനിലേക്കുള്ള ഓവർബ്രിഡ്ജിന്റെ നിർമ്മാണം സംബന്ധിച്ച പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>തിരുവനന്തപുരം നഗരസഭയിലെ മരാമത്തുപണികള്‍</u>

1424 ശ്രീ. പി. ബി. അബ്ദുള്‍ റസാക്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും **വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തിരുവനന്തപുരം നഗരസഭയില്‍ ടെണ്ടര്‍ ക്ഷണിക്കാതെ മരാമത്തുപ്രവൃത്തികള്‍ കരാറുകാര്‍ക്ക് നല്‍കിയിട്ടുണ്ടോ;

(ബി) കഴിഞ്ഞ അഞ്ച് വര്‍ഷത്തിനുള്ളില്‍ ഇപ്രകാരം എത്ര പ്രവൃത്തികള്‍ എതെല്ലാം കരാറുകാര്‍ക്ക് നല്‍കിയിട്ടുണ്ട്;

(സി) നിലവിലുള്ള പൊതുമരാമത്ത് മാനദണ്ഡം ലംഘിച്ച് തിരുവനന്തപുരം നഗരസഭയില്‍ പ്രവൃത്തികള്‍ കരാറുകാര്‍ക്ക് നല്‍കുന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഡി) ചെയ്യാത്ത പ്രവൃത്തിയുടെ പേരില്‍ കോണ്‍ട്രാക്ടര്‍ തിരുവനന്തപുരം കോര്‍പ്പറേഷനില്‍ നിന്ന് പണം കൈപ്പറ്റിയതായ ആരോപണം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഇ) അത്തരം സംഭവത്തെക്കുറിച്ച് അന്വേഷിക്കുകയും, വാസ്തവമെങ്കില്‍ ഉത്തരവാദികളായ ഉദ്യോഗസ്ഥരുള്‍പ്പെടെയുള്ളവര്‍ക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യുമോ?

# കേരള നിയമസഭ
# 13.06.2014-ലെ മറുപടിക്ക്

കോര്‍പ്പറേഷനുകളിലെ മാലിന്യസംസ്കരണം

1425 ശ്രീ. ഇ. പി. ജയരാജന്‍
,, വി. ശിവന്‍കുട്ടി
പ്രൊഫ. സി. രവീന്ദ്രനാഥ്
ഡോ. കെ. ടി. ജലീല്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കോര്‍പ്പറേഷനുകളില്‍ മാലിന്യ സംസ്കരണത്തിനായി അത്യാധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള ഖര മാലിന്യ സംസ്കരണ പ്ലാന്റുകള്‍ സ്ഥാപിക്കാന്‍ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത നടപടികള്‍ ഇപ്പോള്‍ ഏതുഘട്ടത്തില്‍ എത്തിനില്‍ക്കുന്നുവെന്നറിയിക്കുമോ;

(സി) പ്രസ്തുത പ്ലാന്റുകളുടെ പ്രവര്‍ത്തനം എന്ന് ആരംഭിക്കാനായിരുന്നു ഉദ്ദേശിച്ചിരുന്നത്; കാലവിളംബത്തിന്റെ കാരണങ്ങള്‍ വെളിപ്പെടുത്തുമോ;

(ഡി) എല്ലാ കോര്‍പ്പറേഷനുകളിലും ഏതുതീയതിക്കകം പ്രസ്തുത പദ്ധതി നിലവില്‍വരുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>കോർപ്പറേഷനുകളിലെയും മുനിസിപ്പാലിറ്റികളിലെയും മാലിന്യ സംസ്കരണം</u>

1426 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോർപ്പറേഷനുകളിലെയും മുനിസിപ്പാലിറ്റികളിലെയും മാലിന്യസംസ്കരണച്ചുമതല ആർക്കാണെന്ന് വിശദമാക്കുമോ;

(ബി) കോർപ്പറേഷനുകളുടെയും മുനിസിപ്പാലിറ്റികളുടെയും മാലിന്യ സംസ്കരണത്തിനുവേണ്ടി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്നും അവയുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ;

(സി) മാലിന്യ സംസ്കരണത്തെക്കുറിച്ച് പഠിക്കുന്നതിന് അതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വിദേശരാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അവർ ആരെല്ലാമാണെന്നും ഏതെല്ലാം രാജ്യങ്ങളാണ് സന്ദർശിച്ചതെന്നും ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) ഉദ്യോഗസ്ഥർ വിദേശരാജ്യങ്ങൾ സന്ദർശിച്ച് നടത്തിയ പഠനറിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(എഫ്) പ്രസ്തുത പഠനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്നതെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>കൊച്ചിൻ കോർപ്പറേഷനിലെ മാലിന്യസംസ്ക്കരണം</u>

1427

ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചിൻ കോർപ്പറേഷനിലെ മാലിന്യനീക്കത്തിനായി 'ജൻറം' പദ്ധതി പ്രകാരം എത്ര ഓട്ടോറിക്ഷകളാണ് വാങ്ങിയതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഓട്ടോറിക്ഷകൾ വാങ്ങുന്നതിനായി എന്തു തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ഓരോ ഓട്ടോറിക്ഷയിലേക്കും എത്ര ജീവനക്കാരെ വീതം നിയോഗിച്ചിരുന്നു എന്ന് വ്യക്തമാക്കുമോ;

(ഡി) മാലിന്യനീക്കത്തിനായി വാങ്ങിയ എല്ലാ ഓട്ടോറിക്ഷകളും ഇപ്പോഴും ഉപയോഗിക്കുന്നുണ്ടോ എന്നും ഇല്ലെങ്കിൽ കാരണം എന്തെന്നും വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത ഓട്ടോറിക്ഷകൾ എല്ലാം ഇപ്പോഴും കോർപ്പറേഷന്റെ നിയന്ത്രണത്തിൽ ഉണ്ടോ എന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ?

## കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>തൃശ്ശൂർ നഗരത്തിലെ മാലിന്യ പ്രശ്നത്തിന് പരിഹാരം</u>

1428 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ നഗരത്തിലെ മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് എന്തെങ്കിലും പദ്ധതി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

'ക്ലീൻകേരള കമ്പനി' യുടെ പ്രവർത്തനം

1429 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, വി. ശിവൻകുട്ടി
,, എ. പ്രദീപ്കുമാർ
,, ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് രൂപീകരിക്കുമെന്ന് പ്രഖ്യാപിക്കപ്പെട്ട 'ക്ലീൻകേരള കമ്പനി' യുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; പ്രസ്തുത കമ്പനിയുടെ ഘടനയും പ്രവർത്തനവും വിശദമാക്കുമോ;

(ബി) പ്രസ്തുത കമ്പനിയുടെ പ്രവർത്തനമേഖല എവിടെയൊക്കെയാണെന്നറിയിക്കുമോ;

(സി) കമ്പനിയുടെ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് സ്വരൂപിച്ചത് ഏത് മാർഗ്ഗത്തിലൂടെയാണ്; കമ്പനിയുടെ ഇപ്പോഴത്തെ പ്രവർത്തനമൂലധനത്തെപ്പറ്റി വിശദമാക്കുമോ;

(ഡി) കമ്പനിക്ക് ഇതിനകം ഏതെല്ലാം നഗരങ്ങളിലെ മാലിന്യങ്ങൾ സംസ്കരിക്കാൻ സാധിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>സുസ്ഥിര നഗരവികസന പദ്ധതി</u>

1430 ശ്രീ. കെ. മുരളീധരൻ
,, വി. ഡി. സതീശൻ
,, ജോസഫ് വാഴക്കൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എ. ഡി. ബി സഹായത്തോടെ സുസ്ഥിര നഗരവികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് പ്രസ്തുത പദ്ധതി നടത്തിപ്പിനായി പ്രതീക്ഷിക്കുന്നത്;

(സി പ്രസ്തുത പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതി</u>

1431 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരപ്രദേശങ്ങളിൽ അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതി തുടങ്ങിയത് എന്നുമുതലാണ്;

(ബി) ഇതുവരെ എത്ര മുനിസിപ്പാലിറ്റികളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്; പദ്ധതി നടപ്പിലാക്കിയ നഗരസഭകൾ ചെലവഴിച്ച തുകയുടെയും ലഭ്യമാക്കിയ തൊഴിലിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്കായി നഗരസഭകൾക്ക് ലഭിച്ച പണം മറ്റ് ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

ബാറുകൾക്ക് നിരാക്ഷേപ പത്രം

1432 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാറുകൾക്ക് നിരാക്ഷേപ പത്രം നൽകാനുള്ള നിയമഭേദഗതി വന്നശേഷം എത്ര മുനിസിപ്പാലിറ്റികൾ നിരാക്ഷേപ പത്രം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഇവിടങ്ങളിൽ ഭരണം നടത്തുന്നത് എൽ. ഡി. എഫ്. ആണോ, യു. ഡി. എഫ്. ആണോയെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത നിയമഭേദഗതി കൂടുതൽ അഴിമതിക്ക് ഇടവരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

റിയൽ എസ്റ്റേറ്റ് അതോറിറ്റി

1433 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ റിയൽ എസ്റ്റേറ്റ് മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഒരു അതോറിറ്റി സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോ;

(ബി) കെട്ടിട നിർമ്മാതാക്കൾക്ക് ഓൺലൈൻ രജിസ്ട്രേഷൻ സൗകര്യം ഏർപ്പെടുത്തുന്ന കാര്യം ഇതോടൊപ്പം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>കെട്ടിടനിർമ്മാണത്തിന് ഓൺലൈൻ അപേക്ഷാ സംവിധാനം</u>

1434 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരസഭകളിൽ കെട്ടിടനിർമ്മാണത്തിനുള്ള അപേക്ഷകൾ ഓൺലൈൻ സംവിധാനത്തിലേക്ക് മാറിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് എന്ന് മുതലാണ് നടപ്പിലാക്കിയത്;

(സി) ഓൺലൈൻ വഴി ലഭിക്കുന്ന അപേക്ഷകൾ എത്ര ദിവസത്തിനകം തീർപ്പാക്കി നൽകുന്നുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>നിയമവിരുദ്ധമായ പാർക്കിംഗ് ഫീസ് ഈടാക്കൽ</u>

T1435 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യാപാരസ്ഥാപനങ്ങൾ, തിയേറ്ററുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ എത്തിച്ചേരുന്ന വാഹനങ്ങൾക്ക് പാർക്കിംഗ് ഫീസ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം സ്ഥാപനങ്ങൾക്ക് നിലവിൽ പാർക്കിംഗ് ഫീസ് ഈടാക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരം സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

മലപ്പുറം ജില്ലയിലെ നഗരസഭകളിലെ പദ്ധതിച്ചെലവും ഭവന പദ്ധതികളും

1436 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 സാമ്പത്തികവർഷത്തിൽ മലപ്പുറം ജില്ലയിലെ ഓരോ നഗരസഭയിലെയും പദ്ധതിച്ചെലവ് ജനറൽ, എസ്.സി/എസ്.ടി, ആകെ എന്നിങ്ങനെ തരം തിരിച്ച് ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം മലപ്പുറം ജില്ലയിലെ ഏതൊക്കെ നഗരസഭകളിൽ ഭവനപദ്ധതികൾ നടപ്പാക്കിയിട്ടുണ്ട് എന്ന് വിശദമാക്കുമോ;

(സി) ഏതെല്ലാം സ്കീമിലുള്ള ഭവനപദ്ധതികളാണ് നഗരസഭകൾക്ക് ഏറ്റെടുക്കാനാകുന്നത് എന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

അങ്കമാലി മുനിസിപ്പാലിറ്റിയിലെ
ഖരമാലിന്യ സംസ്കരണ പദ്ധതി

1437

ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി മുനിസിപ്പാലിറ്റിയിലും പരിസരപ്രദേശങ്ങളിലും വർദ്ധിച്ചുവരുന്ന മാലിന്യപ്രശ്നം കണക്കിലെടുത്ത് നിർദ്ദേശിക്കപ്പെട്ട ഖരമാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കുന്നതിലെ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) ഖരമാലിന്യ സംസ്കരണ പദ്ധതിക്കായി നഗരസഭ സ്ഥലം വാങ്ങിയിരുന്നോ;

(സി) പ്രസ്തുത സ്ഥലം ഇപ്പോൾ എന്തിനായാണ് ഉപയോഗിക്കുന്നത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2014–ലെ മറുപടിക്ക്

<u>കാഞ്ഞങ്ങാട് പട്ടണത്തിലെ മത്സ്യമാർക്കറ്റിന്റെ ശോചനീയാവസ്ഥ</u>

1438 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് പട്ടണത്തിലെ മത്സ്യമാർക്കറ്റിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത മാർക്കറ്റ് ആധുനികവൽക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

എം.എസ്.ഡി.പി. യുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

1439 ശ്രീ. എ.റ്റി. ജോർജ്
'' അൻവർ സാദത്ത്
'' ഡൊമിനിക് പ്രസന്റേഷൻ
'' കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം.എസ്.ഡി.പി.യുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) പ്രസ്തുത പദ്ധതി കാര്യക്ഷമമായി നടപ്പാക്കാൻ കേന്ദ്ര സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത പദ്ധതി എവിടെയൊക്കെയാണ് നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) എം.എസ്.ഡി.പി. നടപ്പാക്കുന്നതിൽ എന്തെല്ലാം പുരോഗതിയാണ് സംസ്ഥാനം കൈവരിച്ചിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>വയനാട് ജില്ലയിലെ എം.എസ്.ഡി.പി</u>

1440 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ നടപ്പാക്കുന്ന എം.എസ്.ഡി.പി യുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(ബി) നടപ്പു സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയുടെ ജില്ലയിലെ ഭൗതിക ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) ഇവയിൽ ഏതെല്ലാം പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട് എന്നതിന്റെ ബ്ലോക്കുതല വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>അനധികൃത അറവുശാലകളുടെ പ്രവർത്തനം</u>

1441 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, സാജു പോൾ
,, കെ. വി. അബ്ദുൾ ഖാദർ
,, കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോർപ്പറേഷനുകളിൽ അനധികൃത അറവുശാലകൾ പെരുകുന്നതായ സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനുള്ള കാരണങ്ങൾ എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം വിവിധ കോർപ്പറേഷനുകളുടെ കീഴിലുള്ള ഏതെല്ലാം അറവുശാലകളാണ് പൂട്ടിയിട്ടുള്ളത് എന്നറിയിക്കുമോ;

(ഡി) ആധുനിക അറവുശാലകൾ നിർമ്മിക്കുന്നതിനായി 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിൽ ബജറ്റിൽ നീക്കിവെച്ചിരുന്ന തുക ചെലവഴിക്കാൻ സാധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; തുക ചെലവഴിച്ചിട്ടില്ലെങ്കിൽ ആയതിനുള്ള കാരണങ്ങശ് അറിയിക്കുമോ?

**കേരള നിയമസഭ**
**13.06.2014-ലെ മറുപടിക്ക്**

<u>ചാലക്കുടി നഗരസഭയിൽ ആധുനിക അറവുശാല</u>

1442 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നഗരസഭയിൽ 'ആധുനിക അറവുശാല' സ്ഥാപിക്കുമെന്ന നഗരകാര്യവകുപ്പുമന്ത്രിയുടെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>വൈപ്പിൻ പള്ളിപ്പുറം സമാന്തര ബീച്ച് റോഡിന്റെ നിർമ്മാണം</u>

1443 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ പള്ളിപ്പുറം സമാന്തര ബീച്ച് റോഡിന്റെ നിർമ്മാണത്തിന് ജിഡ കൗൺസിൽ അംഗീകാരം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി എത്ര റീച്ചുകളിലായി നിർമ്മാണം നടത്തുവാനാണ് വിഭാവനം ചെയ്തിട്ടുള്ളതെന്നും ഓരോ റീച്ചിലും എത്രമാത്രം പ്രവൃത്തികൾ നടത്തിയെന്നും വ്യക്തമാക്കുമോ;

(സി) ഓരോ റീച്ചിലെയും പ്രവൃത്തികൾ ടെണ്ടർ ചെയ്തിട്ടുണ്ടെങ്കിൽ തീയതി വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

പുലിക്കോട്ടിൽ സ്മാരക കലാപഠന കേന്ദ്രത്തിന് ഫണ്ട്

1444 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വണ്ടൂരിൽ പ്രവർത്തിക്കുന്ന പുലിക്കോട്ടിൽ സ്മാരക കലാപഠനകേന്ദ്രത്തിന്റെ കീഴിൽ ന്യൂനപക്ഷങ്ങൾക്ക് പ്രയോജനപ്രദമായ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ഫണ്ട് അനുവദിക്കണമെന്ന സ്മാരകകമ്മിറ്റി ചെയർമാന്റെ നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്മേൽ എന്തു തീരുമാനം കൈക്കൊണ്ടു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>കടപ്പാക്കടയിൽ മുൻ സ്പീക്കർ വി. ഗംഗാധരന്റെ പ്രതിമ</u>

1445 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യത്തിന്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കൊല്ലം കോർപ്പറേഷനിലെ കടപ്പാക്കട സ്പോർട്സ് ക്ലബ്ബിന്റെ സ്ഥലത്ത് മുൻ സ്പീക്കർ വി. ഗംഗാധരന്റെ പ്രതിമ സ്ഥാപിക്കുന്നതിനുള്ള അനുമതിക്കായി കൊല്ലം എം.എൽ.എ നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>ന്യൂനപക്ഷക്കമ്മീഷന്റെ പ്രവർത്തനങ്ങളും ഉദ്ദേശ്യലക്ഷ്യങ്ങളും</u>

1446 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, ആർ. സെൽവരാജ്
,, വി. റ്റി. ബൽറാം
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്കമ്മീഷൻ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ പ്രവർത്തനങ്ങളും ഉദ്ദേശ്യലക്ഷ്യങ്ങളും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം ക്ഷേമപദ്ധതികളാണ് ഇതു വഴി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം കാര്യങ്ങൾ നടപ്പാക്കിയിട്ടുണ്ട് എന്നറിയിക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>ന്യൂനപക്ഷക്ഷേമ പദ്ധതികൾ</u>

1447 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത്; വിശദമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതികളുടെ പ്രയോജനം എത്രപേർക്ക് ലഭിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ന്യൂനപക്ഷ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ പൊതുജനങ്ങളിൽ എത്തിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സംവരണ വ്യവസ്ഥ</u>

1448 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ദുർബല വിഭാഗങ്ങൾക്ക് സംവരണം നൽകേണ്ടതില്ലെന്ന സുപ്രീം കോടതി വിധിക്കെതിരെ റിവ്യൂഹർജി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) നിലവിലുള്ള സംവരണ വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഭരണഘടന ഉറപ്പു നൽകുന്ന ന്യൂനപക്ഷ അവകാശങ്ങളും സാമൂഹിക നീതിയും ഉറപ്പു വരുത്താൻ സത്വര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ പ്രവര്‍ത്തനം</u>

1449 ശ്രീ. ഐ. സി. ബാലകൃഷ്ണന്‍
,, എ. റ്റി. ജോര്‍ജ്
,, വി. ഡി. സതീശന്‍
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ന്യൂനപക്ഷക്ഷേമ വകുപ്പ് രൂപവല്‍ക്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങള്‍ നല്‍കുമോ;

(ബി) പ്രസ്തുത വകുപ്പിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാം; വിശദമാക്കുമോ;

(സി) ന്യൂനപക്ഷ സമൂഹവുമായി ബന്ധപ്പെട്ട പ്രവര്‍ത്തനങ്ങള്‍ ഏകീകരിക്കുന്നതിന് പ്രസ്തുത വകുപ്പിന്റെ പ്രവര്‍ത്തനം എപ്രകാരം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത വകുപ്പിന്റെ കീഴില്‍ സംസ്ഥാന-ജില്ലാതല ഓഫീസുകള്‍ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ പ്രവർത്തനം

1450 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമ വകുപ്പ് നടപ്പിലാക്കി വരുന്ന ക്ഷേമ പദ്ധതികൾ ഏതൊക്കെയാണ്;

(ബി) ഇതിനുവേണ്ടി ഈ സർക്കാർ കഴിഞ്ഞ ഓരോ ബഡ്ജറ്റിലും വകയിരുത്തിയ തുക എത്ര വീതമാണ്;

(സി) ഓരോ വർഷവും ഈ ഇനത്തിൽ ചെലവഴിച്ച തുകയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ഡി) ന്യൂനപക്ഷക്ഷേമ വകുപ്പിൽ ഇപ്പോൾ ഏതെല്ലാം തസ്തികകളിൽ എത്ര വീതം സ്ഥിരജീവനക്കാരും താൽക്കാലിക ജീവനക്കാരുമുണ്ട്;

(ഇ) ഈ സർക്കാർ എത്രപേർക്ക് പ്രസ്തുത വകുപ്പിലും അനുബന്ധ സ്ഥാപനങ്ങളിലുമായി താൽക്കാലിക നിയമനം നൽകിയിട്ടുണ്ട്;

# കേരള നിയമസഭ
# 13.06.2014-ലെ മറുപടിക്ക്

<u>ന്യൂനപക്ഷക്ഷേമം</u>

1451 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമത്തിനായി പ്രത്യേക വകുപ്പ് രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്നുമുതൽ;

(ബി) ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയെന്ന് ഇനം തിരിച്ച് വിശദമാക്കുമോ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷം വിവിധ പദ്ധതികൾ വഴി ന്യൂനപക്ഷക്ഷേമത്തിനായി ചെലവാക്കിയ തുക എത്രയെന്ന് ഇനം തിരിച്ച് വിശദമാക്കുമോ;

(ഡി) ഏതൊക്കെ മത-ജാതി വിഭാഗങ്ങളെയാണ് ന്യൂനപക്ഷമായി കണക്കാക്കുന്നത്;

(ഇ) ന്യൂനപക്ഷക്ഷേമത്തിനായി പ്രത്യേക വികസന കോർപ്പറേഷൻ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ പദ്ധതികളാണ് പ്രസ്തുത കോർപ്പറേഷൻ മുഖേന നടപ്പാക്കുന്നത്;

(എഫ്) ന്യൂനപക്ഷക്ഷേമ കോർപ്പറേഷൻ രൂപീകരിച്ചിട്ടില്ലെങ്കിൽ രൂപീകരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കുമോ?

**കേരള നിയമസഭ**
**13.06.2014-ലെ മറുപടിക്ക്**

<u>കരിയർ ഗൈഡൻസ് പദ്ധതി</u>

1452 ശ്രീ. ഹൈബി ഈഡൻ
'' ഐ. സി. ബാലകൃഷ്ണൻ
'' തേറമ്പിൽ രാമകൃഷ്ണൻ
'' എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ കരിയർ ഗൈഡൻസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതുവിഭാഗത്തിലുള്ള വിദ്യാർത്ഥികളെയാണ് പ്രസ്തുത പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

ഓണറേറിയം കുടിശ്ശിക

1453 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമ പദ്ധതികളുടെ നടത്തിപ്പിനായി നിയമിച്ച പ്രൊമോട്ടർമാർക്ക് ഇതുവരെ ഓണറേറിയം ലഭിച്ചിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എത്ര മാസത്തെ ഓണറേറിയമാണ് കുടിശ്ശികയുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഒണറേറിയം എത്രയുംവേഗം നൽകാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2014-ലെ മറുപടിക്ക്

<u>ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് പലിശരഹിത വായ്പ</u>

1454 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യത്തിന്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനായി പലിശരഹിത വായ്പ നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?